(ബി) മത്സ്യസമൃദ്ധി പദ്ധതി സംസ്ഥാനത്തെ 14 ജില്ലകളിലും നടപ്പിലാക്കി വരുന്ന പദ്ധതിയാണ്. ആദിവാസി മേഖലയിലെ ജനവിഭാഗങ്ങൾ കൂടുതലായി ഉൾപ്പെട്ടിട്ടുള്ളത് പ്രധാനമായിട്ടും വയനാട് ജില്ലയിലാണ്. ഈ വിഭാഗത്തിലുള്ള 324 മത്സ്യകർഷകർക്ക് പരിശീലനം നൽകുകയും 22 ഹെക്ടർ സ്ഥലത്ത് 1.65 ലക്ഷം മത്സ്യക്കുഞ്ഞുങ്ങൾ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിൽ 30 കർഷകർക്ക് ടെയിനിംഗ് നൽകുകയും 0.5 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് ഇൻപുട്ട് സബ്സിഡി നൽകുകയും ചെയ്തിട്ടുണ്ട്.

(സി) മീൻപിടിത്തം പ്രധാന തൊഴിൽ മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള ആദിവാസി സമൂഹത്തിന്റെ വരുമാന വർദ്ധനവിന് മത്സ്യസമൃദ്ധി പദ്ധതി സഹായിച്ചതായി വിലയിരുത്തുന്നു. കൂടാതെ മത്സ്യസമൃദ്ധി പദ്ധതിയിലെ ഒരു പ്രധാന ഘടക പദ്ധതിയായ ഓപ്പൺ വാട്ടർ റാഞ്ചിംഗ് നദികളിലെയും മറ്റ് ജലാശയങ്ങളിലെയും മത്സ്യസമ്പത്തിന്റെ വർദ്ധനവിന് കാരണമാകുന്നതുകൊണ്ട് ഇത്തരം ജനവിഭാഗത്തിന്റെ തൊഴിലവസരങ്ങൾ/വരുമാനം എന്നിവയുടെ വർദ്ധനവിന് സഹായിക്കുന്നു.

മത്സ്യസമൃദ്ധി പദ്ധതിയിന്മേൽ ജനകീയ ഓഡിറ്റ്

102 (4437) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ നടപ്പാക്കിയ മത്സ്യ സമൃദ്ധി പദ്ധതിയുടെ ജനകീയ ഓഡിറ്റ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇത്തരത്തിൽ ജനകീയ ഓഡിറ്റ് നടത്തുന്നതുകൊണ്ടുള്ള പ്രയോജനം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) ജില്ലയിലെ മത്സ്യസമൃദ്ധി പദ്ധതിയുടെ ജനകീയ ഓഡിറ്റ് നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പ് നേരിട്ട് ജനകീയ ഓഡിറ്റ് നടത്തുന്നില്ല. എന്നാൽ 2012-15 കാലയളവിൽ വയനാട് ജില്ലയിൽ നടപ്പിലാക്കിയ മത്സ്യസമൃദ്ധി പദ്ധതിയുടെ നേട്ടകോട്ട വിശകലനം (സോഷ്യൽ ഓഡിറ്റ്) നടത്തുന്നതിന് മത്സ്യകർഷക വികസന ഏജൻസിയുടെ 2014 ഒക്ടോബർ 30-ന് ചേർന്ന മാനേജിംഗ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതിയുടെ ഗുണഭോക്താക്കളായ മത്സ്യകർഷകർക്ക് മത്സ്യസമൃദ്ധി പ്രവർത്തനങ്ങളും പദ്ധതി കൊണ്ടുണ്ടായ നേട്ടങ്ങളും പൊതുസമൂഹത്തിന് മുമ്പിൽ വിശദീകരിക്കുന്നതിന് സാധിച്ചു. ഇത്തരത്തിൽ ഒരു വിശകലനത്തിലൂടെ ലഭ്യമായ അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നതിലൂടെ പദ്ധതി കൂടുതൽ ഫലപ്രദമായി വീണ്ടും നടപ്പാക്കാൻ കഴിയുന്നു.

(സി) ഓഡിറ്റ് റിപ്പോർട്ട് പൂർത്തിയാകാത്തതിനാൽ ജില്ലയിൽനിന്നും പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ടില്ല.

മത്സ്യമാർക്കറ്റ് നവീകരണം

103 (4438) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര മത്സ്യ മാർക്കറ്റുകൾ ഈ വർഷം നവീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കാമോ ; ഇതുസംബന്ധിച്ച് വിശദവിവരങ്ങൾ നൽകാമോ ;

(ബി) മത്സ്യമാർക്കറ്റ് നവീകരണം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിന്റെ ഫണ്ടിംഗ് ഏതൊക്കെ ഏജൻസിയാണ് നൽകുന്നത് എന്നും ഇതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയെന്നും വിശദമാക്കാമോ ?

ഉത്തരം

(എ&ബി) 2015-16 സാമ്പത്തിക വർഷത്തിൽ മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടില്ല.

(സി) ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെയാണ് ആധുനിക മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുന്നത്. 2014-15 സാമ്പത്തിക വർഷത്തിന്റെ ആദ്യപകുതി വരെ ദേശീയ മത്സ്യ വികസന ബോർഡിന്റെ 90 ശതമാനം ധനസഹായവും സംസ്ഥാന സർക്കാരിന്റെ 10 ശതമാനം ധനസഹായവും നൽകിയിരുന്നു. എന്നാൽ അതിനുശേഷം ദേശീയ മത്സ്യവികസന ബോർഡിന്റെ ധനസഹായം 40 ശതമാനമായി കുറച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly